LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഭ്രരഹിതർ

293(4303) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭ്രരഹിതരുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭ്രരഹിതർക്കും ഭവനരഹിതർക്കും വീട് നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ സർവ്വെ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഭ്രരഹിതരുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	ഭ്രരഹിതരുടെ എണ്ണം
1	തിരുവനന്തപുരം	55379
2	കൊല്ലം	37965
3	പത്തനംതിട്ട	7881
4	ആലപ്പുഴ	19604
5	കോട്ടയം	16475
6	ഇടുക്കി	21814
7	എറണാകുളം	37961
8	തൃശ്ശൂർ	35695
9	പാലക്കാട്	36894
10	മലപ്പുറം	24872
11	കോഴിക്കോട്	17553
12	വയനാട്	7759
13	കണ്ണൂർ	8856
14	കാസർഗോഡ്	12387
	ആകെ	341095

(ബി) മിച്ചഭൂമി, വനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ കുടിയൊഴിപ്പിക്കപ്പെടുന്ന കർഷകർക്ക് വാസസ്ഥലത്തിനായി മിനിമം ഭൂമി അനുവദിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുമില്ല.

വിനോദ നഗർ ഭൂദാന കോളനിവാസികൾക്ക് പട്ടയം

294(4304) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അയ്യല്ലൂർ വിനോദനഗർ ഭൂദാന കോളനിയിലുള്ള കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കിയിട്ടുണ്ടോ?

ഇരിട്ടി താലൂക്ക് കൊളാരി അംശം അയല്ലൂർ ദേശം റിസ 35-ൽ വിനോദ നഗർ കോളനിയിലെ 37 കുടുംബങ്ങൾക്ക് ഭൂദാൻ പതിച്ചു നൽകൽ ചട്ടങ്ങൾ 1962 പ്രകാരം 37 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) അൻപതോളം കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത കോളനി നിവാസികൾക്ക്, ബാങ്ക് വായ്പ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരത്തിൽ സിദ്ധിച്ച ഭൂമി പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. ബാങ്ക് വായ്പ നൽകാവുന്ന വിധത്തിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

പട്ടയം ലഭ്യമാക്കാൻ നടപടി

295(4305) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-30 വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഭൂരഹിതർക്കായി നടപ്പിലാക്കിയ '4 സെന്റ് കോളനി പദ്ധതി' പ്രകാരം വസ്തു ലഭിച്ചവർക്ക് ഇപ്പോഴും പ്രസ്തുത ഭൂമി പരമ്പരാഗതമായി കൈമാറ്റം ചെയ്യാമെന്നല്ലാതെ പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly